**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3185** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഹയർസെക്കന്ററി സ്കൂളുകളിലെ ബൈട്രാൻസ്ഫർ അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | അക്കാദമിക് താൽപര്യം കണക്കിലെടുത്ത് ഹയർ സെക്കന്ററി സ്കൂളുകളിലെ ബൈട്രാൻസ്ഫർ അദ്ധ്യാപക നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സീനിയോറിറ്റിയനുസരിച്ച് നടത്തുന്നതിനുള്ള ഉത്തരവ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റേ ചെയ്തത് പ്രകാരം സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ; | (എ) | ശ്രീ. ഷിഹാബ്.ജെ.എസ് ഫയൽ ചെയ്ത O.A:(EKM)No.41/2016 നമ്പർ കേസിലെ 01/02/2021 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ഹയർസെക്കന്ററി തസ്തികമാറ്റ നിയമനത്തിനായി നീക്കി വച്ചിട്ടുള്ള 25% ഒഴിവുകളിലേക്ക് HSA യോടൊപ്പം UPSA/LPSA, Ministerial Staff, Lab Assistant എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി ക്വാട്ട നിശ്ചയിച്ച് കൊണ്ടുള്ള 01/12/2015 ലെ സർക്കാർ ഉത്തരവ് set aside ചെയ്തിട്ടുണ്ട്. 01.12.2015ലെ G.O(P)No.296/15 ഉത്തരവു കോടതി set aside ചെയ്ത നടപടി നിലനിൽക്കേ, ഇതിന് അനുബന്ധ ഉത്തരവായി പുറപ്പെടുവിച്ച 30.01.2021 ലെ G.O(P)No.2/2021 set aside ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ, ചട്ടം ഭേദഗതിയുമായി മുന്നോട്ട് പോകുവാൻ സാധിക്കുമോ എന്നതിന്റെ നിയമവശം പരിശോധിച്ചു വരുന്നു. |
| (ബി) | ഹയർസെക്കന്ററി സ്കൂളുകളിലെ ബൈട്രാൻസ്ഫർ നിയമനത്തിനായി എല്ലാ വിഷയങ്ങളിലുമായി എകദേശം എണ്ണൂറ് ഒഴിവുകൾ നാലുവർഷത്തിലേറെയായി നികത്തപ്പെടാതെയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 01/01/2016 മുതലുള്ള തസ്തികമാറ്റ ഒഴിവുകൾ കെ.പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. 01/07/2016 മുതൽ 28/12/2020 വരെയുള്ള ഒഴിവുകളിലേക്ക് 30/01/2021 ലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് (ഹയർസെക്കന്ററി വിഭാഗം) ഡയറക്ടർ മുഖേന നടത്തുന്നതിന് ഉത്തരവാകുകയും ആയത് പ്രകാരം HSA/UPSA/LPSA, Ministerial Staff, Lab Assistant എന്നീ വിഭാഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ച് provisional seniority list, modified provisional seniority list എന്നിവ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ശ്രീ.ഷിഹാബ്.ജെ.എസ് ഫയൽ ചെയ്ത OA(EKM)No.41/2016 നമ്പർ കേസിലെ 01/02/2021 ലെ ബഹു.കോടതി ഉത്തരവ് പ്രകാരം ഹയർസെക്കന്ററി തസ്തികമാറ്റ നിയമനത്തിനായി |

| | | | |
|---|---|---|---|
| | | | നീക്കി വച്ചിട്ടുള്ള 25% ഒഴിവുകളിലേക്ക് HSA യോടൊപ്പം UPSA/LPSA/Ministerial Staff, Lab Assistant എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി ക്വാട്ട നിശ്ചയിച്ച് കൊണ്ടുള്ള 01/12/2015 ലെ സർക്കാർ ഉത്തരവ് set aside ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ set aside ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ തസ്തികമാറ്റം പ്രക്രിയ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | കൊറോണ പ്രതിസന്ധിയിൽ സ്കൂൾ തുറന്ന് പ്രവർത്തിക്കാത്തതിനാലും പ്രമോഷൻ നടപടികളും പോസ്റ്റ് ക്രിയേഷനും സമയബന്ധിതമായി നടക്കാത്തതിനാലും നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ വളരെ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. 2020-ലെ Junior to Senior By Transfer നടപടികൾ പൂർത്തിയായിട്ടുണ്ട്. ടി ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പോസ്റ്റ് ക്രിയേഷൻ വേണ്ട കേസുകളിൽ അതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസ് പ്രകാരം ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (ഡി) | സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ പോകുന്ന സാഹചര്യത്തിൽ അക്കാദമിക് തൽപര്യം മുൻനിർത്തിയും നിലവിലെ റാങ്ക് ലിസ്റ്റുകളുടെ കാലാവധി തീരാറായത് പരിഗണിച്ചും ബൈട്രാൻസ്ഫർ നിയമനത്തിനായി നീക്കിവച്ച ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് താൽക്കാലികമായി നൽകാമോ; വിശദമാക്കുമോ; | (ഡി) | 16/04/2001 ലെ ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസ് പ്രകാരമാണ് വിവിധ എച്ച്.എസ്.എസ്.റ്റി/ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിൽ നിന്നും തസ്തികമാറ്റ ഒഴിവുകൾ നീക്കി വയ്ക്കുന്നത്. 01/01/2016 മുതലുള്ള തസ്തികമാറ്റ ഒഴിവുകൾക്ക് HSA യോടൊപ്പം UPSA/LPSA, Ministerial Staff, Lab Assistant എന്നിവർക്ക് പ്രത്യേക ക്വാട്ട അനുവദിച്ചുള്ള സർക്കാർ ഉത്തരവും 01/01/2016 മുതൽ 28/12/2020 വരെയുള്ള ഒഴിവുകളിലെ തസ്തികമാറ്റം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖന നടത്തേണ്ടതാണെന്നുള്ള 30/01/2021 ലെ സർക്കാർ ഉത്തരവും, 01/02/2021 തീയതിയിലെ ഉത്തരവ് പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ set aside ചെയ്തിട്ടുണ്ട്. ആയതിനാൽ set aside ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ തസ്തികമാറ്റ ഒഴിവുകൾ നികത്തുവാൻ കഴിയുകയുള്ളൂ. തസ്തികമാറ്റ ഒഴിവുകൾ സ്പെഷ്യൽ റൂൾസ് പ്രകാരം മാറ്റി വയ്ക്കപ്പെടുന്നതായതിനാൽ ആയത് നേരിട്ടുള്ള നിയമനത്തിനായി നീക്കിവയ്ക്കാൻ കഴിയുകയില്ല. |
| (ഇ) | സ്കൂളുകൾ തുറക്കുന്നതിന് മുമ്പ് എല്ലാ ഒഴിവുകളും നികത്തുമെന്ന് പ്രഖ്യാപിച്ചിട്ടും നാലുവർഷത്തിലധികമായ ഒഴിവുകൾ അകാരണമായി മാറ്റിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവുകളിലേക്ക് പി. എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (ഇ) | 16/04/2001 ലെ ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസ് പ്രകാരമാണ് വിവിധ എച്ച്.എസ്.എസ്.റ്റി/ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിൽ നിന്നും തസ്തികമാറ്റ ഒഴിവുകൾ നീക്കി വയ്ക്കുന്നത്. 01/01/2016 മുതലുള്ള തസ്തികമാറ്റ ഒഴിവുകൾക്ക് HSA യോടൊപ്പം UPSA/LPSA, Ministerial Staff, Lab Assistant എന്നിവർക്ക് പ്രത്യേക ക്വാട്ട അനുവദിച്ചുള്ള സർക്കാർ ഉത്തരവും 01/01/2016 മുതൽ 28/12/2020 വരെയുള്ള ഒഴിവുകളിലെ |

| | | | |
|---|---|---|---|
| | | | തസ്തികമാറ്റം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖന നടത്തേണ്ടതാണെന്നുള്ള 30/01/2021 ലെ സർക്കാർ ഉത്തരവും, 01/02/2021 തീയതിയിലെ ഉത്തരവ് പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ set aside ചെയ്തിട്ടുണ്ട്. ആയതിനാൽ set aside ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ തസ്തികമാറ്റ ഒഴിവുകൾ നികത്തുവാൻ കഴിയുകയുള്ളൂ. തസ്തികമാറ്റ ഒഴിവുകൾ സ്പെഷ്യൽ റൂൾസ് പ്രകാരം മാറ്റി വയ്ക്കപ്പെടുന്നതായതിനാൽ ആയത് നേരിട്ടുള്ള നിയമനത്തിനായി നീക്കിവയ്ക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ